കേരള ലിമിറ്റഡ്, കേരള സിറാമിക്സിന്റെ പോഴ്സലൈൻ ഡിവിഷൻ, കേരള ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ ഒരു യൂണിറ്റായ മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ ഒലവക്കോട് യൂണിറ്റ് എന്നിവ പൂർണ്ണമായും നിറുത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) കെൽട്രോൺ കൗണ്ടേഴ്സ്, കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്, കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ്, ആസ്ട്രാൾ വാച്ചസ് എന്നിവയാണ് സ്വകാര്യ പങ്കാളിത്തത്തിനായി പരസ്യം ചെയ്തിട്ടുള്ളത്. കൂടാതെ ടെൽക്കിന് ഒരു സ്ട്രാറ്റജിക് പാർട്ണർക്കുവേണ്ടി പരസ്യം ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഇതുവരെ തീരുമാനം ആയിട്ടില്ല.

(ഡി) ഇല്ല.

(ഇ) ഇല്ല.

(എഫ്) ആസ്ട്രാൾ വാച്ചസ്, കെൽട്രോൺ കൗണ്ടേഴ്സ്, കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ്, കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്, ടെൽക്ക് എന്നിവയാണ് സ്വകാര്യ പങ്കാളിത്തത്തിനായി പരസ്യം ചെയ്തിട്ടുള്ളത്. ആട്ടോകാസ്റ്റ് (ബി.ഐ.എഫ്.ആർ. അനുമതിക്ക് വിധേയമായി) കെൽട്രോൺ കംപോണന്റ് കോംപ്ലക്സ്, സ്റ്റീൽ കോംപ്ലക്സ്, കേരള ഗാർമെന്റ്സ് എന്നിവയിലും സ്വകാര്യ പങ്കാളിത്തം അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ പരസ്യം ചെയ്തിട്ടില്ല.

കെ.എസ്.ആർ.ടി.സി. പുതുതായി വാങ്ങുന്ന ബസ്സുകൾ

*27 [116] ശ്രീ. മഞ്ഞളാംകുഴി അലി:

,, കെ. പി. സതീശ്ചന്ദ്രൻ:

,, വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുതുതായി ബസ്സുകൾ വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഓങ്കിൽ എത്ര ബസ്സുകളാണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) പുതുതായി ബസ്സുകൾ വാങ്ങുന്നതിന് പണം സ്വരൂപിക്കുന്നത് ഏതെല്ലാം നിലയിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) പുതുതായി വാങ്ങുന്ന ബസ്സുകൾ പുതിയ റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതിനായി ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പുതുതായി വാങ്ങുന്ന ബസ്സുകളുടെ ബോഡി നിർമ്മാണം കെ.എസ്.ആർടി.സി.-യുടെ സ്വന്തം ബോഡി നിർമ്മാണ യൂണിറ്റുകളിൽ തന്നെ നടത്താനാണോ ഉദ്ദേശിക്കുന്നത്; അല്ലെങ്കിൽ സ്വകാര്യ കമ്പനികളെ ആശ്രയിക്കേണ്ടി വരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ) ഉണ്ട്. 200 ബസ്സുകൾ.

(ബി) മുൻകാലങ്ങളിൽ ചെയ്തിരുന്നതുപോലെ കെ.ടി.ഡി.എഫ്.സി., ഹഡ്കോ മുതലായ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമാണ് പണം സ്വരൂപിക്കുന്നത്.

(സി) പുതിയ റൂട്ടുകളിലും, നിലവിലുള്ള റൂട്ടുകളിലുള്ള പഴയ ബസ്സുകൾ മാറ്റി പുതിയവ ഓടിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

(ഡി) കെ.എസ്.ആർ.ടി.സി. വർക്ക് ഷോപ്പുകളിലും മത്സര ടെൻഡർ അടിസ്ഥാനത്തിലും മറ്റു ബോഡി നിർമ്മാണ കമ്പനികളിൽ കൊടുത്തും ബോഡി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. കെ.എസ്.ആർ.ടി.സി. വർക്ക് ഷോപ്പിൽ ബോഡി നിർമ്മിക്കുമ്പോൾ ഉണ്ടാകുന്ന ചെലവ് സ്വകാര്യ കമ്പനികളിൽ നിർമ്മിക്കുമ്പോഴുണ്ടാകുന്ന ചെലവിനേക്കാൾ കൂടുതലാണ്. എങ്കിൽ പോലും കെ.എസ്.ആർ.ടി.സി. ബോഡി നിർമ്മാണ യൂണിറ്റുകളിൽ കൂടുതൽ ബോഡി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

കരിമണൽ ഖനനം

*28 [117] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമണൽ ഖനനം സംബന്ധിച്ച് സർക്കാർ സ്വീകരിച്ചിരിക്കുന്ന നിലപാട് വ്യക്തമാക്കാമോ;

(ബി) കേരള തീരത്തു നിന്നും കരിമണൽ ഖനനം ചെയ്യാൻ താൽപ്പര്യം പ്രകടിപ്പിച്ചു കൊണ്ട് വന്നിട്ടുള്ള ഏജൻസികൾ ആരെല്ലാം;

(സി) 2000 ജനുവരി മുതൽ 2004 ഒക്ടോബർ വരെ ഇത് സംബന്ധമായി എന്തെല്ലാം തീരുമാനങ്ങൾ സർക്കാർ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഐ.ആർ.ഇ.എൽ.-ഉം സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെ.എം.എം.എൽ.-ഉം ഇപ്പോൾ കിരമണൽ ഖനനം നടത്തി വരുന്നുണ്ട്. കൂടാതെ കേന്ദ്ര നയത്തിന്റെ തുടർച്ചയായി, നിബന്ധനകൾക്ക് വിധേയമായി സംയുക്ത മേഖലയിൽ കരിമണൽ ഖനനാനുമതി നൽകുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly